**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. 160/2024**

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളി കൈസ്ഥാനികൾക്കും, ഭരണസമിതിയംഗങ്ങൾക്കും ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

കുവൈറ്റിലെ മംഗഫിൽ നമ്മുടെ സഹോദരങ്ങളായ പ്രിയപ്പെട്ടവർ താമസിച്ചിരുന്ന ഫ്ളാറ്റിലുണ്ടായ അഗ്നിബാധയിൽ നിരവധിപ്പേർ മരണമടഞ്ഞതായ ഹൃദയഭേദകമായ വാർത്ത നിങ്ങളേവരും അറിഞ്ഞിരിക്കുമല്ലോ. ജീവിതം കരുപ്പിടിപ്പിക്കുവാൻ നിരവധി പ്രതീക്ഷകളോടെ പ്രവാസ ലോകത്തേക്ക് കുടിയേറിയവരാണ് മരണപ്പെട്ട നമ്മുടെ സഹോദരങ്ങൾ. അവരുടെ വേർപാട് സൃഷ്ടിക്കുന്ന വിലാപവും സങ്കടവും നാടിന്റെയാകെ ദു:ഖമാണ്. നമ്മുടെ പരിശുദ്ധ സഭയുടെ ആത്മീയ മക്കളായ ചെങ്ങന്നൂർ ഭദ്രാസനത്തിലെ യോർദ്ദാൻപുരം മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമായ ശ്രീ. മാത്യു തോമസ്, നിരണം ഭദ്രാസനത്തിലെ മേപ്രാൽ സെന്റ് ജോൺസ് പള്ളി ഇടവകാംഗമായ ശ്രീ. തോമസ് ഉമ്മൻ എന്നിവരും തീപിടുത്തത്തിൽ ജീവൻ പൊലിഞ്ഞവരിൽ ഉൾപ്പെടുന്നു. അവരുടെ സ്മരണകൾക്ക് മുമ്പിൽ പരിശുദ്ധ സഭയുടെ പ്രാർത്ഥനകളും ആദരവും സമർപ്പിക്കുന്നു. മരണപ്പെട്ടവരുടെ കുടുംബങ്ങളെ തുടർന്നും കരുതുവാനും അവർക്ക് ഒപ്പം നിൽക്കുവാനും നമുക്കേവർക്കും കടമയും ഉത്തരവാദിത്തവും ഉണ്ടെന്നുള്ള കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു. കുവൈറ്റ് ഗവൺമെന്റും കേന്ദ്ര-സംസ്ഥാന സർക്കാരുകളും സഹായഹസ്തവുമായി പ്രവർത്തനനിരതമായത് മനുഷ്യസ്നേഹത്തിന്റെ ഉദാത്തമാതൃകയാണ്. സമാനമായ ദുരന്തങ്ങൾ ആവർത്തിക്കാതെയിരിക്കുവാൻ ഭരണകൂടങ്ങളുടെ സത്വരമായ ശ്രദ്ധ തുടർന്നും ഉണ്ടാകും എന്ന് പ്രത്യാശിക്കാം.

ഈ ദുരന്തത്തിൽ മരണമടഞ്ഞവർക്കായും വേർപാടിന്റെ അഗാധമായ വേദനയിലും ഭാരത്തിലുമായിരിക്കുന്ന ഏവർക്കുമായും അപകടത്തിന്റെ ഭീതിയിൽ പരുക്കേറ്റ് ചികിത്സയിലായിരിക്കുന്നവർക്കായും നമ്മുടെ എല്ലാ പള്ളികളിലും ഈ ഞായറാഴ്ച വി. കുർബ്ബാനാനന്തരം പ്രത്യേകം പ്രാർത്ഥന നിർവ്വഹിക്കണമെന്ന് നിങ്ങളേവരെയും അറിയിക്കുന്നു. വേർപാടിന്റെ ദു:ഖത്തിലായിരിക്കുന്നവർക്ക് സ്വർഗ്ഗീയമായ സമാശ്വാസം ദൈവം നൽകട്ടെ.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ വി. മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും, മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2024 ജൂൺ മാസം 15-ാം തീയതി
കാർത്തികപ്പള്ളി സെന്റ് തോമസ് കത്തീഡ്രലിൽ നിന്നും